ഇ9/13849/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 21/11/2018

**പരിപത്രം**

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ഡിപിസി (ലോവർ) – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നുമുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ നിയമനം – ഓപ്ഷൻ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന :-

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട സാമൂഹ്യനീതി വകുപ്പിലെ ജൂനിയർ സൂപ്രണ്ട് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് കേരള മിനിസ്റ്റീരിയൽ സർവ്വീസ് ചട്ട പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റവും കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് 1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ എന്നീ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനവും അനുവദനീയമാണ്. കാറ്റഗറി 8 ൽ ആകെയുള്ള 37 തസ്തികകളിൽ 18 തസ്തികകളിലാണ് ജൂനിയർ സൂപ്രണ്ട് തസ്തിക ഫീഡർ കാറ്റഗറിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ജൂനിയർ സൂപ്രണ്ട് തസ്തിക ഫീഡർ കാറ്റഗറിയായിട്ടുള്ള തസ്തികകളിൽ 11 എണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. (മറ്റ് ഫീഡർ കാറ്റഗറികൾക്ക് അർഹതപ്പെട്ടതുൾപ്പെടെ ആകെയുള്ള 37 തസ്തികകളിൽ ഒഴിവുള്ള കാര്യാലയങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)

മേൽസാഹചര്യത്തിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടപ്രകാരം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് 1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ എന്നീ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനം ആഗ്രഹിക്കുന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം ക്രമീകരിക്കപ്പെട്ടിട്ടുള്ള ( Regularize) ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുന്നു.

കാറ്റഗറി 8 ൽ ഉൾപ്പെടുന്ന തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുവാൻ താൽപ്പര്യമുള്ള ജീവനക്കാർ ഇതോടൊപ്പമുള്ള ഓപ്ഷൻ ഫോം പൂരിപ്പിച്ച് ബന്ധപ്പെട്ട കാര്യാലയമേധാവി മേലൊപ്പ് വച്ച് **ഈ പരിപത്രതീയതി മുതൽ 7 ദിവസത്തിനുള്ളിൽ** ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഓപ്ഷൻ സമർപ്പിക്കുന്ന ജീവനക്കാരിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്തിട്ടില്ലായെങ്കിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും സേവനപുസ്തകം സഹിതം ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും
സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

# ഓപ്ഷൻ ഫോം

30/03/2018 ലെ ജി.ഒ (പി) നം.23/2010/സാക്ഷേവ നമ്പർ ഉത്തരവ്
27/12/2012 ലെ ജി.ഒ (പി) നം. 77/2012/സാനീവ നമ്പർ ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ..........................................................................

..........................................................................................................................................................

(പേര്, തസ്തിക, കാര്യാലയത്തിന്റെ പേര്) എന്ന ഞാൻ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടത്തിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് 1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ എന്നീ തസ്തികകയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം ഇതിനാൽ ഓപ്റ്റ് ചെയ്യുന്നു. കാറ്റഗറി 8 ൽ ഉൾപ്പെടുന്ന മേൽ തസ്തികയിലേക്ക് എനിക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്ന പക്ഷം കേരള മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസിൽ ഉൾപ്പെട്ട സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഞാൻ അവകാശവാദമൊന്നും ഉന്നയിക്കില്ലെന്ന് സമ്മതിക്കുന്നു.

(ഒപ്പ്)
പേര്
ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന കാര്യാലയം

കാര്യാലയമേധാവിയുടെ ഒപ്പ്,
പേര്, ഉദ്യോഗപ്പേര്, കാര്യാലയം

അനുബന്ധം

ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് 1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ തസ്തികയിലെ ഒഴിവ് സംബന്ധിച്ച വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര്, ജില്ല | തസ്തിക | അഭിപ്രായം |
|---|---|---|---|
| 1 | സ്പെഷ്യൽ ഹോം ആന്റ് ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 | |
| 2 | ആഫ്റ്റർ കെയർ ഹോം, കൊല്ലം | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 3 | ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ), എറണാകുളം | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 4 | ആശാ ഭവൻ (വനിതകൾ), തൃശ്ശൂർ | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 5 | ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | |
| 6 | ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ), കോഴിക്കോട് | ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 | |
| 7 | ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 8 | ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ), കോഴിക്കോട് | ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 9 | ആഫ്റ്റർ കെയർ ഹോം (വനിതകൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 10 | ആശാ ഭവൻ (വനിതകൾ), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 11 | റസ്ക്യൂ ഹോം, മലപ്പുറം | സൂപ്രണ്ട് ഗ്രേഡ് 1 | വനിത സ്ഥാപനം |
| 12 | പ്രതീക്ഷാ ഭവൻ, മലപ്പുറം | സൂപ്രണ്ട് ഗ്രേഡ് 1 | |
| 13 | ആഫ്റ്റർ കെയർ ഹോം, കണ്ണൂർ | സൂപ്രണ്ട് ഗ്രേഡ് 1 | |
| 14 | | മേഖലാ സ്ത്രീധന നിരോധന ഓഫീസർ, തിരുവനന്തപുരം | |
| 15 | | മേഖലാ സ്ത്രീധന നിരോധന ഓഫീസർ, എറണാകുളം | |
| 16 | | മേഖലാ സ്ത്രീധന നിരോധന ഓഫീസർ, കോഴിക്കോട് | |